പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 7379 — 23.07.2012 - ൽ മറുപടിക്ക്

## നാദാപുരത്തെ തെരുവൻപറമ്പിൽ നബീസുവിന്റെ പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം. | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | നാദാപുരത്തെ തെരുവൻ പറമ്പിൽ നബീസു എന്നയാളുടെ പരാതിയിന്മേൽ എടുത്ത കേസ് നിലവിലുണ്ടോ; | (എ) | സി.ബി.സി.ഐ.ഡി. ക്രൈം നമ്പർ 29/ക്രൈം/01 (നാദാപുരം പോലീസ് സ്റ്റേഷൻ 51/01) ആയിട്ടുള്ള ടി പരാതി സംബന്ധിച്ചുള്ള കേസിൽ Fast Track-1, Kozhikode (SC No. 13) 6.3.2006 തീയതി 14 പ്രതികളിൽ 6 പ്രതികളെ ശിക്ഷിച്ചിട്ടുള്ളതും, 6 പ്രതികളെ വെറുതെ വിട്ടിട്ടുള്ളതും ആണ്. ബാക്കിയുള്ള രണ്ട് പ്രതികളിൽ ഒരു പ്രതി മരണപ്പെടുകയും ഒരു പ്രതി (രാഘവൻ) കോടതിയിൽ സറണ്ടർ ആയത് പ്രകാരം SC 753/06 ആയി ബഹുമാനപ്പെട്ട കോഴിക്കോട് ഒന്നാം അഡീഷണൽ സബ് കോടതിയിൽ ഇപ്പോൾ വിചാരണയിൽ ഇരിക്കുകയുമാണ്. |
| (ബി) | ഏതെല്ലാം വകുപ്പുകൾ പ്രകാരമായിരുന്നു കേസ് ; | (ബി) | സി.ബി.സി.ഐ.ഡി. ക്രൈം നമ്പർ 29/2001 (നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 51/01) u/s 143, 147, 148, 452, 427, 511 of 376 IPC. |
| (സി) | പ്രസ്തുത കേസിൽ എത്ര സാക്ഷികളുണ്ടായിരുന്നു; | (സി) | പ്രസ്തുത കേസിൽ ആകെ 38 സാക്ഷികൾ ഉണ്ട്. |
| (ഡി) | കൂറുമാറിയ സാക്ഷികൾ ആരെല്ലാമാണ് ? | (ഡി) | ടി കേസിന്റെ ജഡ്ജ്മെന്റ് പകർപ്പിൽ സാക്ഷികൾ കൂറ് മാറിയത് സംബന്ധിച്ചുള്ള പരാമർശങ്ങളൊന്നും കാണുന്നില്ല. |

സെക്ഷൻ ഓഫീസർ